
പ്രമേയം
ചാത്യാത്ത്
സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ
2018 - 2019

little KITEs

# DIGITAL MAGAZINE

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

>ഹാരോൺ ജോസഫ്



അംഗങ്ങൾ



> അസ്ലം ഷബീർ



>വിസ്മയ എൻ എസ്



>ആദിത്യ ആർ

# പ്രധാനാധ്യാപകൻെറ

## സന്ദേശം




ജീവിതം മഹത്തായ അനുഗ്രഹമാണ്. ജീവിതത്തിൻെറ ഓരോനിമിഷവും അർത്ഥം കൊടുത്ത് പൊലിപ്പിച്ചെടുത്ത് ആസ്വാദ്യകരമാക്കുക എന്നതാണ് മഹത്തായകർമ്മം .

വിരൽത്തുമ്പിലാണ് ഇന്ന് വിജ്ഞാനവിപ്ലവം അതിവേഗം വളരുന്ന ശാസ്ത്രസാമൂഹ്യരംഗങ്ങൾക്കൊപ്പമായിരിക്കണം നമ്മൾ. സ്വന്തം കഴിവുകളെതിരിച്ചറിഞ്ഞ് വളർത്തി പരിപോഷിപ്പിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. അതിനുള്ള എല്ലാ അവസരങ്ങളും നാം ഉപയോഗപ്രദമാക്കണം. ഡിജിറ്റൽ മാഗസിൻ ആധുനികതയുടെ മഹത്തായ പ്രതലമാണ്.

അവസരം നഷ്ടപ്പെടുത്താതെ  പ്രയോജനപെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

പ്രിയ വായനക്കാരെ,

ആദിമമനുഷ്യൻ ചിന്തയിലൂടെ ശക്തിയാർജിച്ച്, പരീക്ഷണങ്ങളിലൂടെ വളർന്ന് ചന്ദ്രനെ കൈപ്പിടിയിൽ ഒതുക്കിയിട്ടും അടക്കം വരാതെ പരക്കം പായുമ്പോഴും ആത്മാനഭൂതിയുടെ സ്വപ്നലോകത്തിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലുവാൻ നമുക്കു കഴിയുന്നുണ്ടോ?..... ശാസ്ത്രത്തിൻെറ അത്ഭുതലോകത്തിൽ നിന്നൊഴിഞ്ഞ് കലാസാഹിത്യാദി വിഷയങ്ങളിൽ മുഴുകുമ്പോൾ കൈവരുന്ന സുഖാനുഭൂതി.........അതാണിഎളിയ സംരംഭം. ശുഭപ്രതീക്ഷയോടെ

എഡിററർ

# ഇതളുകൾ വിരിയുമ്പോൾ


ഗുരുശിക്ഷ്യബന്ധം അന്നുംഇന്നും ........... 1

എന്റെ കേരളം ........... 3

എന്റെ കൊച്ചുതുമ്പി ........... 4

മഴവില്ല് തേടുന്ന ............ 6

എരിഞ്ഞുതീരാൻ .......... 7

മരിക്കാത്ത പ്രതീക്ഷകൾ ........... 9

കാട്ടാന ........... 10

നന്ദിയുള്ള തത്ത .......... 11

പ്രകൃതി ........... 13

തുലികാനാമങ്ങൾ ........... 14

സുന്ദരി .......... 15

മാനസാന്തരം 16

കണ്ണീരുറവയടഞ്ഞുപോയ ...........

പെൺകുട്ടിക്ക് 17

കുറിഞ്ഞിയുടെ അന്ത്യം ........... 18

പ്രളയം ........... 20

കടങ്കഥകൾ ............ 21

# ഗുരുശിഷ്യബന്ധം

## അന്നും.....

## ഇന്നും...

മാതാപിതാഗുരുദൈവം´´എന്ന വാക്യം നമ്മൾ എപ്പോഴും

കേൾക്കുന്നതണ് . ഇതിൽഗുരുവിനുള്ള സ്ഥാനം വളരെ വലുതാണ്.

ഗുരുദൈവത്തിന് തുല്യമാണ്. ഗുരുവിന് നമ്മൾ ആവുംവിധം ബഹുമാനം

നൽകിയില്ലെങ്കിൽ അത് നമ്മൾ ചെയ്യുന്ന ഏറ്റവും വലിയ പാപമാണ്.

ഗുരു എന്ന വക്കിൻെറ അർത്ഥ ´´അന്ധകാരം നീക്കുന്നവൻ´´എന്നാണ്.

പണ്ട് കാലത്ത് അതായത് ഗുരുകുല വിദ്യാഭ്യാസകാലത്ത്

കുട്ടികൾ ഗുരുവിൻെറ വാക്കുകൾ അനുസരിക്കുക,പഠിക്കുക എന്നത്

മാത്രമായിരുന്നില്ല അവരുടെ കർത്തവ്യം. ഗുരുപറയുന്നതെന്തും അവർ

ചിട്ടയായി അനുസരിക്കും. ഗുരുപറയുന്ന ജോലികൾ ചെയ്യുക

തുടങ്ങിയവയൊക്കെ അക്കാലത്ത് ഒരു സാധാരണ സംഭവമായിരുന്നു.

എന്നാൽ ഇക്കാലത്തെ ഗുരുവിനോട് കുട്ടികൾക്ക് ഒരു ബഹുമാനവുമില്ല.

ഗുരുവിൻെറ വാക്കുകൾ അനുസരിക്കാതെയിരിക്കുക,ഗുരുവിനെ

ധിക്കരിക്കുക,എന്നതൊക്കെ ഏതൊരു കുട്ടിയിലും ഇപ്പോൾ

കാണാവുന്നതാണ്. ഗുരുവിൻെറ വാക്കുകൾ അനുസരിക്കാതെ നടക്കുന്ന

ഒരു കുട്ടി ചീത്തകൂട്ടുകെട്ടിൽ പെടുക എന്നത് ഒരു

സാധാരണസംഭവമാണ്.

ഗുരുവുംശിഷ്യരുമായി വളരെ ആഴത്തിലുള്ളബന്ധമാണ് ഉള്ളത്.

ഗുരുക്കൻമാർ കുട്ടികളെ സ്വന്തംമക്കളെപ്പോലെ പരിചരിക്കുകയും

ചെയ്യുന്നു.പക്ഷെ കുട്ടികളോ അവരെ ഒട്ടുംതനെ ബഹുമാനിക്കുന്നില്ല.

പക്ഷെ,എല്ലാകുട്ടികളും അങ്ങനെയല്ല. ചിലകുട്ടികൾ സ്വന്തം

അദ്ധ്യാപകരെ മാതാപിതാക്കളോളം സ്നേഹിക്കുകയും

ബഹുമാനിക്കുകയും ചെയ്യുന്നു.അദ്ധ്യാപകരാണ് കുട്ടികളുടെ വഴികാട്ടി.

കുട്ടികളുടെ ശോഭനമായ  ഭാവിയിൽ അദ്ധ്യാപകർ വലിയൊരു സ്ഥാനം വഹിക്കുന്നു. അദ്ധ്യാപകർക്ക് കുട്ടികളുടെ മനസ്സിലെ ഏതൊരു ചിന്തയും മാതാപിതപിതാക്കൻമാരെക്കാൾ മനസ്സിലാക്കാൻ കഴിയും എന്നാണ് കരുതുന്നത്. പല മഹാന്മരുടെയും ഏതൊരു വിജയത്തിന് പിന്നിലും അവരുടെ അദ്ധ്യാപകർ വളരെ വലിയൊരു സ്ഥാനം ചെലുത്തിയിട്ടുണ്ട്.സ്കൂളുകളിൽ സ്പെഷ്യൽ ക്ലാസിന് നിൽക്കാതെ ക്ലാസ് കട്ട് ചെയ്ത് നടക്കുന്ന ഒരുപാട് വിദ്യാർത്ഥികളുണ്ട്. അവർ ഗുരുവിനോട് ചെയ്യുന്ന ഏറ്റവും വലിയ നിന്ദയാണ് അത്. അദ്ധ്യാപകർ അവരുടെ വിലപ്പെട്ട സമയം പാഴാക്കിയാണ് കുട്ടികളെ പഠിപ്പിക്കുന്നത്. അത് പാഴാക്കികളയുന്നകുട്ടികൾ പഠനത്തിൽ വളരെ പിന്നാക്കം പോകും.

ഗുരുവിനെ നമ്മൾ ആവുംവിധം ബഹുമാനിച്ചാൽ അത് നമ്മുടെ ജീവിതത്തിൽ വളരെയധികം ഗുണകരമാകും. ഗുരുവിനെക്കുറിച്ച് സംസ്കൃതത്തിൽ ശ്ലോകമുണ്ട്,´´ഗുരുർ ബ്രഹ്മാ ഗുരുർവിഷ്ണു ഗുരു ദേവാ മഹേശ്വര ഗുരുർ സാക്ഷാത് പരം ബ്രഹ്മ തസ്മൈ ശ്രീ ഗുരുവെ നമഃ´´ ഈ ശ്ലോകത്തിൽ ഗുരു എല്ലാ ദൈവത്തിനും തുല്യനാണ് എന്നാണ് പറയുന്നത്. അങ്ങനെയുള്ള ഗുരുവിനെ നമിച്ചാൽ നമ്മൾക്ക് സ്വർഗ്ഗം കയ്യെത്തും ദൂരത്താണ്.

ഡിയോൺ അജു

# എന്റെ കേരളം

മനോഹരം.......മനോഹരം.....

കേരളം മനോഹരം......
സുന്ദരമാണീ കേരളം
പുണ്യഭൂമി കേരളം
നാരായണഗുരുവും ആദിശങ്കരനും
പിറന്ന മണ്ണീ കേരളം
മാവേലിമന്നൻ ഭരിച്ച നാട്
ഈശ്വരൻ സൃഷ്ടിച്ച പുണ്യനാട്
എത്ര മനോഹരമാണീനാട്

നമ്മുടെ നാട് കേരളം........

ഹാരോൺ ജോസഫ്

# എന്റെ കൊച്ചുതുമ്പി

ചെറുകഥ

മൈലാട്ടുംകുന്നിലെ ഭഗവതീടെ അമ്പലത്തിൽ ഉത്സവമാണ്.അമ്പലത്തിലെ പറയെഴുന്നെള്ളിപ്പ് മഹോത്സവമെന്ന് കേട്ടപ്പോഴേ മനസ്സ് സന്തോഷംകൊണ്ട് തുള്ളിച്ചാടാൻ തുടങ്ങി.കുളിച്ച് കുറിതൊട്ട് അമ്പലത്തിലേക്ക് പോകുവാൻ തിടുക്കമായി.കഴിഞ്ഞ തവണ ഉത്സവത്തിന് വന്നപ്പോഴാണ് കൊച്ചുതുമ്പിയെ താൻ ആദ്യമായി കണ്ടത്.കണ്ടപ്പോൾ തന്നെ അവന് തന്നെ ഇഷ്ടമായി.ഇഷ്ടപ്പെടാൻ മാത്രം എന്ത് പ്രത്യേകതയാണ് തനിക്കുള്ളത്.എനിക്ക് അവനെയും ഇഷ്ടപ്പെട്ടെങ്കിലും പുറമേ കാണിക്കാൻ പോയില്ല.അവൻ പാറിവന്ന് തന്റെ മുടിയിൽ ചൂടിയിരുന്ന മുല്ലപൂവുകളിലിരുന്നു.താൻ അവനെ ആട്ടിപ്പായിച്ചുകൊണ്ട് മുഖം വെട്ടിതിരിച്ചു നടന്നു.പുറകേ അവനും പാറി വന്നു.താൻ നടത്തത്തിന് വേഗത കൂട്ടി.കൊച്ചുതുമ്പിയുണ്ടോ വിടുന്നു.അവൻ പാറി വന്ന് എന്റെ കാതിൽ കിന്നാരം പറഞ്ഞു,"എനിക്ക് ഇയാളെ ഇഷ്ടായീട്ടോ.ഒത്തിരി ഒത്തിരി ഇഷ്ടായീ".ഒരു നിമിഷം താൻ മുഖമുയർത്തി നോക്കി.ഞങ്ങളുടെ കണ്ണുകൾ തമ്മിടിടഞ്ഞു.ഞാൻ പൊട്ടിച്ചിരിച്ചുകൊണ്ട് കുപ്പിവളകൾ കിലുക്കി അവിടെ നിന്നും ഓടി മറഞ്ഞു.പിന്നീടെന്നും അവനു വേണ്ടിയുള്ള കാത്തിരിപ്പായിരുന്നു.നീണ്ട നീണ്ട കാത്തിരിപ്പ്.ഒടുവിൽ ഒരുദിവസം തന്റെ പൂന്തോട്ടത്തിൽ അവൻ വന്നു.താനപ്പോൾ ചെടികൾക്ക് നനയ്ക്കുകയായിരുന്നു.അവനെ കണ്ടപ്പോൾ താൻ ഓടി ചെന്നു.അവൻ എന്നെ നോക്കി കണ്ണിറുക്കി ചിരിച്ചു.അവന്റെ വിടർന്ന കണ്ണുകളിലേയ്ക്കും ചുവന്ന അധരങ്ങളിലേയ്ക്കും നോക്കിയ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.അതുകണ്ട് അവൻ പറഞ്ഞു,"അയ്യേ! ഇന്ദുക്കുട്ടി കരയാ, ഈ മനോഹരമായ കണ്ണുകൾ ഒരിക്കലും നിറയരുത്.എനിക്കത് താങ്ങാനാവില്ല."അതുകൂടി കേട്ടപ്പോൾ താൻ ഏങ്ങലടിച്ചു കരയാൻ തുടങ്ങി.പെട്ടന്നനെ അവനെന്റെ ചുണ്ടുകളിൽ page:8 തെരുതെരെ ഉമ്മകൾ വച്ചു.ഉടനെ അമ്മയുടെ വിളി."മോളേ,ഇന്ദൂട്ടീ....." ഞാൻ പെട്ടെന്ന് അകത്തേക്കോടി.ഇപ്പോൾ അതെല്ലാം ഒരു കണ്ണാടി ചില്ലില്ലെന്നവണ്ണം

മനസ്സിൽതെളിഞ്ഞവരുന്ന.വീണ്ടുംമൈലാട്ടുംകുന്നിലെഉത്സവമായിരിക്കുന്നു .കഴിഞ്ഞ ദിവസം ഒരു കൂട്ടകാരി പറഞ്ഞാണ് അറിഞ്ഞത്.തന്റെ കൊച്ചുതുമ്പി വെള്ളാരങ്കല്ലിൽ ഇരിക്കുന്നത് കണ്ടെന്ന്.അപ്പോഴേ പോകുവാൻ തിടുക്കം കാണിച്ചതാണ്.അമ്മ സമ്മതിക്കണ്ടേ.ഉത്സവത്തിന് പോകാമെന്ന് അമ്മ പറഞ്ഞപ്പോൾ അനുസരിക്കതിരിക്കാൻ കഴിഞ്ഞില്ല.ചുവന്ന പട്ടുപാവാടയും ജാക്കറ്റുമണിഞ്ഞ് കൈയിൽ ചില്ല് വളകളുമണിഞ്ഞ് അമ്പലത്തിലേക്ക് പുറപ്പെട്ടുമ്പോൾ തന്റെ മനസ്സിൽ അവൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ.ധൃതി വച്ച നടക്കുന്ന തന്റെ ഒപ്പമെത്താൻ അമ്മ നന്നേ ബുദ്ധിമുട്ടി.പിറകിൽ നിന്നും അമ്മ വിളിച്ചു."ഇന്ദൂട്ടി.....ഒന്ന് പതുക്കെ നടക്കുന്നേ.......”എന്നാൽ തനിക്ക് അത് ശ്രദ്ധിക്കുവാൻ കഴിഞ്ഞില്ല.തന്റെ മനസ്സു നിറയെ മയിലാട്ടുംകുന്നിലെ അവനായിരുന്നു.മൈലാട്ടുംകുന്നിനെ സമീപിക്കുംതോറും തന്റെ ഹൃദയം ശക്തിയായി മിടിക്കുവാൻ തുടങ്ങി.പളുങ്കുമണിപോലെ തിളങ്ങുന്ന വെള്ളങ്കാരംകല്ലിൽ ഇരിപ്പുണ്ടാകുമോ....പക്ഷേ അവനെ മാത്രം അവിടെ കണ്ടില്ല.താനറിയാതെ തന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.തന്നോട് ഒരിക്കലും കരയരുതെന്ന് പറഞ്ഞ കൊച്ചുതുമ്പി ഒടുവിൽ തന്നെ തനിച്ചാക്കി എവിടെയോ പോയി.പെട്ടന്നാണ് അമ്മയുടെ ശകാരം ഉയർന്നത്."അല്ലാ,ഇത് എന്ത് കൂത്താ.ഉത്സവം കാണാൻ തിരക്കിട്ട്ഓടിപോന്നിട്ട് ഇവിടെ മിഴിച്ചു നില്ക്കാ.പറയെഴുന്നെളിപ്പ് ഇപ്പം കഴിയൂലോ......”പക്ഷേ തന്റെ മനസ്സിൽ നിറയെ അവൻ മാത്രമായിരുന്നെന്ന് പാവം അമ്മയ്ക്കറില്ലല്ലോ.പറയെഴുന്നെളിപ്പ് കാണാൻ ആളുകൾ തിക്കിതിരക്കുമ്പോഴും താൻ ഒന്നും കാണുന്നുണ്ടായിരുന്നില്ല.അപ്പോഴും കണ്ണുകളിലൂടെ കണ്ണുനീർ ഒഴുകികൊണ്ടിരുന്നു.തന്റെ കൊച്ചുതുമ്പിയെ കാണാൻ വേണ്ടി മാത്രമാണല്ലോ താനിവിടെ ഓടിയെത്തിയത്.എന്നാൽ കണ്ണുനീരിന്റെ മൂടലിലും ഞാനാ കാഴ്ച കണ്ടു.തന്റെ പുതിയ കൂട്ടുകാരിയുമൊത്ത് ജനക്കൂട്ടത്തിലൂടെ പാറിപ്പറക്കുന്ന തന്റെ കൊച്ചുതുമ്പി........ അഭിജിത് മുരളി

******

# മഴവില്ല് തേടുന്ന

വി .ആർ.ആന്റണി

ഫിസിക്സ് അധ്യാപകൻ

രാവൊരു ശ്രീയെഴും കോവിലകം
താരങ്ങൾ ശ്രീലക വിളക്കുകളായ്
ചിറ്റാമ്പൽക്കടവത്ത് ആറാട്ടിനെത്തുന്ന
പനിമതിയെൻ ദേവകന്യകയായ്

കണ്ണീർമഴത്താലമേന്തും മേഘങ്ങൾ
സ്നേഹചാപങ്ങൾ തീർക്കുകയായ്
അറിയാതെയാസുര ലോകത്ത് ഞാൻ നിന്റെ
പ്രാണനിൽ നൈവേദ്യം പകരുകയായ്

ഭാവനതൻ ചിറകേന്തും മോഹങ്ങൾ
സീമന്തരേഖകൾ തിരയുകയായ്
സുഖമോലുമാജന്മ ബന്ധങ്ങളിൽ നിന്റെ
നിറമെഴും മഴവില്ല് തേടുകയായ്

# എരിഞ്ഞുതീരാൻ

ഒരു മെഴുകുതിരിക്കച്ചവടക്കാരൻറമുറിക്കകത്ത്
മനോഹരമായ ഒരു മെഴുകുതിരി,വളരെ നാളായിട്ടും
ആർക്കും വേണ്ടാതെ കഴിയുന്നതോർത്ത്, തേങ്ങിത്തേങ്ങി
കൊണ്ടിരുന്നു"ഒരു മെഴുകുതിരി എരിയുന്നില്ലെങ്കിൽ
അതിന് ജീവിതമെന്തിന് ? അതു കരഞ്ഞു . "നിൻെറ
സമയം വരും !അന്ന് നീ ഇരുട്ടിൽ ആനന്ദത്തിൻെറ ഒരു
പാട്ട് പാടിക്കൊണ്ടിരിക്കും !......" അരികത്തുള്ള ഒരു
മുതിർന്ന മെഴുകുതിരി സമാധാനിപ്പിച്ചു. സമയമായപ്പോൾ
മെഴുകുതിരി പെട്ടിയിൽ നിന്ന് പുറത്തെടുക്കപ്പെട്ടു
.അത്രയുംനാൾ ജീവിച്ചു പോന്ന അതേ മുറിക്കുള്ളിൽ
അതിൻെറ തിരി കൊളുത്തപ്പെട്ടു .ഇപ്പോൾ മെഴുകുതിരി
സംതൃപ്തയായി . കുറച്ചു കഴിഞ്ഞപ്പോൾ , തൻെറ നാളം
എപ്പോഴത്തേക്കാളും പ്രകാശപൂർണമാകുന്നത് , പക്ഷേ ,
രൂപത്തിൽ താൻ ചെറുതാകുന്നത് മെഴുകുതിരി ശ്രദ്ധിച്ചു .
"എനിക്കെന്ത് സംഭവിക്കും?". നിമിഷംതോറും ഞാൻ
ചെറുതായികൊണ്ടിരിക്കുന്നു. എന്റെ പ്രകാശം നിറഞ്ഞ
ബേവതങ്ങൾക്ക് ഞാനിങ്ങനെ തീരുന്നതെന്തുകൊണ്ടണ് ?
അപ്പോൾ മുതിർന്ന മെഴകുതിരി മൊഴിഞ്ഞു . നീ വെളിച്ചമായി
മാറ്റപ്പെടുന്നത് നീ കാണുന്നില്ലേ .? മനുഷ്യർക്കുപോലും

പലപ്പോഴും ഇങ്ങനെയാകാൻ കഴിയുന്നില്ല . നിന്നിൽ നിന്ന് ചരിക്കുന്ന വെളിച്ചം എല്ലാടവും ദീപവുമാക്കുന്നു . നാമെല്ലാം എരിഞ്ഞടങ്ങുകതന്നെ വേണം.! അത് അൾത്താരയിലായാലും . ഒരു കൊച്ചു കുടിലിലായാലും നാമെല്ലാം, ഇരുട്ടിൻെറ സമയമസാനിക്കുകയാണ് എന്നു പാടുന്ന വെളിച്ചത്തിൻെറ. പാട്ടുകാരാണ്.

അനോയ് ജോ പീറ്റർ

# മരിക്കാത്ത പ്രതീക്ഷകൾ

ബസിറങ്ങി കുറച്ച നടന്നു കഴിഞ്ഞാൽ വഴിയിൽ വച്ച് അവൾ അവനെ കാണുക പതിവായിരുന്നു . അവന്റെ തീക്ഷണമായ നോട്ടം അവളുടെ മനസ്സിനെ ഉലച്ചു. അവന് തന്നോട് ചെറുതായൊരു അടുപ്പമില്ലേ? അവൾ ചിന്തിച്ചുഎല്ലാ ദിവസത്തെയുംപോലെ ഇന്നും അവൾ അവനെ കണ്ടു. അവൾ നാണിച്ചു തലതാഴ്ത്തി´´ഒന്നു നിൽക്കുമോ?´´ അവൻ അവളോടു ചോദിച്ചു. മഴ കൊതിച്ചു നിന്ന വേഴാമ്പലിനെപോലെ അവൾ നിന്നു. അവന്റെ മധുരശബ്ദം അവളുടെ കാതുകൾക്ക് കുളിർമയേകി. അവന്റെ ചുണ്ടുകൾ തന്നെ ഇഷ്ടമാണെന്നു മന്ത്രിക്കുന്നതു കേൾക്കാൻ അവൾ അതിയായി ആഗ്രഹിച്ചു. തന്റെ മോഹങ്ങളെ പൂർത്തികരിച്ചു കൊണ്ട് എത്തിയ വെള്ളി നിലാവിനെ തന്റെ ജീവിത പങ്കാളിയായി അവൾ പ്രതിഷ്ഠിച്ചു. ഇതെല്ലാം ഓർത്തുകൊണ്ട് നിൽക്കെ അവന്റെ ശബ്ദം അവളുടെ മനസ്സിനെ മടക്കി കൊണ്ടു വന്നു. അവൻ ചോദിച്ചു.´´ഒരു പത്തുരൂപ കടം തരാമോ?´´ഒരാപ്ലിക്കേഷൻ ഫോം വാങ്ങാനാണ്. തന്റെ വിചാരങ്ങളെ വായിച്ചു കൊണ്ടിരിക്കുമ്പോഴും 10 രൂപയുമായി അവൻ അവളുടെ മുന്നിൽ കൈനീട്ടി നിന്നു.

അമൽ ആന്റെണി

# കാട്ടാന

ആന നല്ലൊരാന
കറുകറുത്തൊരാനകൊമ്പുകളുള്ളൊരാന
കാട്ടിലുള്ളൊരാന
കൊമ്പുകുലുക്കി വരുന്നുണ്ടേ
കാടിളക്കി വരുന്നുണ്ടേ
കേട്ടവർ കേട്ടവരോട്ടുന്നേ
ആനേ പേടിച്ചോട്ടുന്നേ
നരിയും  പുലിയും പായുന്നേ
ആന നല്ലൊരാന
നല്ല കൊമ്പനാന

# നന്ദിയുള്ള തത്ത

ഗംഗാനദിയുടെ തീരത്ത് വളരെ വലിയ ഒരു അത്തിമരക്കാട്. അവിടെ ധാരാളം തത്തകളുണ്ട് .തത്തയുടെ രൂപത്തിൽ ജനിച്ച ബോധി സത്വനാണവരുടെ രാജാവ്. വലിയ ധർമ്മിഷ്ടനായിരുന്ന ആ തത്ത. നദിക്കരയിലുള്ള ഒരു അത്തിമരത്തിലാണ് ആ തത്ത താമസിച്ചിരുന്നത്. അവൻ മറ്റു മരങ്ങളിലെ പഴങ്ങളൊന്നും കഴിച്ചിരുന്നില്ല. അത്തിമരത്തിലെ പഴങ്ങൾ തീർന്നാലും അവിടെത്തന്നെകഴിഞ്ഞിരുന്നു. ആ മരത്തിൻെറ ഇലയും മൊട്ടും ഗംഗാനദിയിലെ വെള്ളവും കുടിച്ച് കഴിയും. എന്നാലും വളരെ സംതൃപ്തനും സന്തുഷ്ടനുമായിരുന്നു. തത്തയുടെ വിശുദ്ധമായ ജീവിതത്തെക്കുറിച്ച് ദേവൻമാരുടെ രാജാവായ ശക്രൻ ദിവ്യദൃഷ്ടി കൊണ്ടറിഞ്ഞു. അദ്ദഹം അവനെഒന്നു പരീക്ഷിക്കാനുറച്ചു. ശക്രൻ ദിവ്യശക്തി കൊണ്ട് ആ തത്ത താമസിച്ചിരുന്ന അത്തിമരത്തെ ഉണക്കി. അതിൻെറ ഇലകളെല്ലാം കൊഴിഞ്ഞു. പുറം തൊലി ഇളകി. തടിയിൽ പോടുകളുണ്ടായി. ദ്രവിച്ച തടിയിൽ നിന്ന് പൊടി പൊടിയാൻ തുടങ്ങി. എന്നിട്ടും തത്ത ആ മരത്തിൽ നിന്ന് താമസം മാറ്റിയില്ല. ഉണങ്ങിയ തടിയിൽ നിന്ന് പൊടിയുന്നപൊടി തിന്ന് ഗംഗയിലെ വെള്ളം കുടിച്ച് വെയിലും മഴയും കാറ്റുമേറ്റ് ആ മരത്തിൽ തന്നെ സംതൃപ്തനായികഴിഞ്ഞു. അതു കണ്ട ശക്രൻ വിചാരിച്ചു. ഇത്രയേറെ കഷ്ടതകൾ വന്നിട്ടും ഈ തത്ത ആ മരത്തിൽ നിന്നു പോകുന്നില്ലല്ലോ. എന്നാൽ അവനെ നേരിട്ടൊന്നു പരീക്ഷിക്കുക തന്നെ. അതിൽ ജയിച്ചാൽ അമൃതിന് തുല്യമായ പഴങ്ങൾ ഉണ്ടാകുന്ന അത്തിമരം അവൻ നൽകണം . ഒരു പക്ഷിയുടെ രൂപത്തിൽ ശക്രൻ ആ തത്തയുടെ അടുത്തെത്തി. മെല്ലെ ചോദിച്ചു.´´പ്രിയപ്പെട്ടതത്തേ,നീ എന്താണീ ഉണങ്ങി വീഴാറായ മരത്തിൽ കാറ്റും മഴയും വെയിലുമേറ്റ്

കഴിയുന്നത്?അപ്പുറത്ത് നല്ല പഴങ്ങൾ ഉള്ള എത്രയോ മരങ്ങളുണ്ട്. അതിലേതെങ്കിലും ഒന്നിലേക്ക് പോകരുതോ´´?അതുകെട്ട് തത്ത പറഞ്ഞു ´´ഞാൻ ജനിച്ചതു മുതൽ ഈ മരത്തിലാണ് കഴിയുന്നത്.മരത്തിൻെറ നല്ല കാലത്ത് മാത്രമല്ല ചീത്ത കാലത്തും അതിൽതന്നെ കഴിയുന്നതാണ് എനിക്ക് ഇഷ്ടം. മരണംവരെ ഞാനീ മരത്തിൽ കഴിഞ്ഞുകൊള്ളാം´´ഈ മറുപടികേട്ട് ശക്രൻ സന്തുഷ്ടനായി. അദേഹം പറഞ്ഞു:´´ഞാൻ ദേവൻമാരുടെ രാജാവായ ശക്രനാണ്.നിൻെറ നിസ്വാർത്ഥമായ ഈ മനോഭാവം ശ്രേഷ്ഠം തന്നെ. അതിനാൽ നിനക്കെന്ത് വരം വേണമെങ്കിലും ചോദിച്ചോളൂ..... ´´ അപ്പോൾ തത്ത പറഞ്ഞു ´´പ്രഭോ,ഞാൻ സംതൃപ്തനാണ് എനിക്ക് ഒരു വരവും വേണ്ട. പിന്നെ അങ്ങേയ്ക്കു നിർബന്ധമാണെങ്കിൽ ഈ ഉണങ്ങിയ അത്തിമരത്തിനു വീണ്ടും ജീവൻ നൽകിയാൽ മതി.´´വീണ്ടും തത്തയുടെ നിസ്വാർത്ഥത ശക്രന് ബോധ്യപ്പെട്ടു. അദ്ദേഹം ഗംഗയിൽ നിന്ന് ഒരു കൈക്കുമ്പിളിൽ വെള്ളം കോരി ഉണങ്ങിയ മരത്തിൽ തളിച്ചു .അതോടെ ആ മരം ഞെട്ടിയുണർന്നതുപ്പോ കിളിർപ്പുകൾ വരുവാൻ തുടങ്ങി. തളിരും ഇലയും വന്നു. അങ്ങനെ നിമിഷങ്ങൾക്കുള്ളിൽ ആ മരം മരതകക്കുന്നുപോലെ ശോഭിച്ചു. ´അമൃതിനു തുല്യമായ പഴങ്ങൾ അത്തിമരത്തിൽ ഉണ്ടാകട്ടെ´എന്നുകൂടി അനുഗ്രഹിച്ചിട്ട് ശക്രൻ സ്വർഗത്തിലേക്കു മടങ്ങി.

പ്രകാശം  പരത്താൻ രണ്ടു മാർഗങ്ങളാണുള്ളത്. ഒന്നാമത്തേത് നാംദീപമായിരിക്കുക. അല്ലെങ്കിൽ അതു പ്രതിഫലിപ്പിക്കുന്ന കണ്ണാടിയായിരിക്കുക-   'സ്വാമി വിവേകാനന്ദൻ '

കാർത്തിക്ക്

# പ്രകൃതി

പച്ചപുടവയണിഞ്ഞു കിടക്കും
പ്രകൃതീ നീ സുന്ദരീ
ഉണരുവാൻ വൈകിയവളേ.......
ഉണർത്തുവാൻ വരുന്ന കതിരോൻ
നിന്നെ ചുംബിക്കാൻ ആകാശദേവൻ
മഴയായ് പെയ്യുമ്പോൾ
മഴയെ തഴുകി നീ
പുഴയിലൊഴുക്കി കുളിർമ നൽകി
വെള്ളപുടവയണിഞ്ഞു വരുന്ന
മഞ്ഞുതുള്ളികൾ നിന്നെ തഴുകുന്നു
നിന്നുടെ മക്കളാം സസ്യജാലങ്ങൾ
നിന്നെ കാണാനുണരുന്നു......
നിന്നുടെ കൈകൾ പിടിച്ച
പിച്ചവയ്ക്കുമീ പൈതങ്ങൾക്ക്
ആശ്രയമീ പ്രകൃതീദേവീ.....
ഇനിയും വർണ്ണനവേറെയില്ല
നിന്നുടെ വർണ്ണത്തെ ചൊല്ലുവാൻ........

# തൂലികാനാമങ്ങൾ

| | | |
|---|---|---|
| കോവിലൻ | - | പി.വി .അയ്യപ്പൻ |
| ഇ.വി. | - | ഇ.വി.കൃഷ്ണപ്പിള്ള |
| കക്കാട് | - | എൻ.എൻ.നാരായണൻനമ്പൂതിരി |
| കടമ്മനിട്ട | - | കടമ്മനിട്ട നാരായണൻ നമ്പൂതിരി |
| വി.ടി. | - | വി.ടി.നമ്പൂതിരിപ്പാട് |
| അക്കിത്തം | - | അച്യുതൻ നമ്പൂതിരി |
| ആഷാമേനോൻ | - | കെ.ശ്രീകുമാർ |
| ഇടശ്ശേരി | - | ഗോവിന്ദൻ നായർ |
| ഇടപ്പള്ളി | - | രാഘവൻപ്പിള്ള |
| ഉറൂബ് | - | പി.സി.കുട്ടികൃഷ്ണൻ |
| ഒ.എൻ.വി. | - | ഒ.എൻ. വേലുകുറുപ്പ് |
| തിക്കൊടിയൻ | - | പി.കുഞ്ഞനന്തൻ നായർ |
| ആനന്ദ് | - | പി.സച്ചിദാനന്ദൻ |

യദു ദിനേശ്

# സുന്ദരി

നീയെന്റേതല്ലേ.......

ഞാൻ നിന്റേതുമല്ലേ......

നമ്മുടെ മനമൊന്നല്ലേ

സ്വപ്നങ്ങൾകൊണ്ട് നെയ്തെടുത്ത

സ്നേഹസാഫല്യമാണ് നീ

എൻ ഹൃദയവാതിൽ നിനക്കായ്

പ്രേമപൂർവ്വം തുറക്കുന്നു ഞാൻ

ചെമ്പനിനീർ പൂവിൽ മുത്തമിട്ട

പൂവാങ്കുഴലാണ് നീ

നിലാവുദിക്കുന്ന നേരത്തു

എൻ മനസ്സിൻ കോണിൽ

നീയൊരു കുളിരുമായെത്തുന്നു

നിന്നെ ഞാനെന്നും പൂജിക്കും

എൻ മനസാകുന്ന താരിൽ

നീയും ഞാനും ഒന്നുചേർന്നു

നമ്മളൊന്നായ് തീരുന്നു........

ആദിത്യ ആർ

# മാനസാന്തരം

ഒരിക്കൽ ഒരിടത്ത് ഒരു കാടിന്റെ തീരത്ത് ഒരു കൊച്ചു കുടിൽ സ്ഥിതി ചെയ്തിരുന്നു. അവിടെ ഒരു ഭാര്യയും ഭർത്താവും താമസിച്ചിരുന്നു. അവർക്ക് ഒരു കുഞ്ഞുണ്ടായിരുന്നു. അവന്റെ പേര് രാജു എന്നായിരുന്നു. ഭയങ്കരകുസൃതി ആയിരുന്നു അവൻ. പലപ്പോഴും മറ്റുള്ളവരെ ഉപദ്രവിക്കുകയും മൂത്തവർ പറയുന്നത് അനുസരിക്കാതിരിക്കുകയും ചെയ്യും. അവിടെ കളിക്കാൻ കുട്ടികൾ വരുമ്പോൾ രാജു വടിയെടുത്ത് അവരെ അടിക്കുകയും അവരുടെ കൈയിൽ ഇരിക്കുന്ന സാധനങ്ങൾ തട്ടിപ്പറിച്ച് നശിപ്പിച്ചു കളയുകയും ചെയ്യും. അങ്ങനെ ഒരിക്കൽ നായാട്ടിന് കുറെപേർ വന്നു. അവർ വിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ രാജു പതുക്കെ പതുക്കെച്ചെന്ന് അവരുടെ സാധനങ്ങൾ കട്ടെടുക്കുവാൻ ശ്രമിച്ചു. പെട്ടെന്ന് നായാട്ടുകാരിൽ ഒരാൾ അതു ശ്രദ്ധിച്ചു. ആ നായാട്ടുകാരൻ മറ്റുള്ളവരെ വിളിച്ചുണർത്തി രാജുവിൻ പൊതിരെ തല്ലി.പെട്ടെന്ന് അവന്റെ അച്ഛൻ ഓടിയെത്തി അവരോട്  പറഞ്ഞു ´എന്റെ മോനേ തല്ലരുതെന്ന്.´അവർ അടി നിറുത്തി.അവനെ വെറുതെ വിട്ടു. അപ്പോഴാണ് അവന് പറ്റിയ തെറ്റു അവൻ മനസ്സിലാക്കിയത്.പിന്നീട് ഒരിക്കലും അവൻ കുസൃതി കാട്ടിയിട്ടില്ല.

ഹരികൃഷ്ണൻ സി

# കണ്ണീരുറവയടഞ്ഞുപോയ പെൺകുട്ടിക്ക്

ജിജി.വി.ജി. ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

ഓരോ സൂര്യൻ പൊലിയുമ്പോഴും
ദുഃഖത്തിന്റെ താഴ്വാരത്തെ പുൽകി
പൂട്ടിവച്ചൊരു ഹൃദയത്തോടിരുന്ന്
ദുരിതത്തിന്റെ വാത്മീകത്തിലൊളിച്ച
കണ്ണീരുറവയടഞ്ഞുപോയ പെൺകുട്ടിക്ക്
വരണ്ട ഋതുക്കളെ പൂക്കാലമാക്കുന്ന
സൗവർണദീപ്തമാം മന്ദഹാസങ്ങളും
പൂവെളിച്ചത്തിൽ നിലാവായ് തലോടുന്ന
വസന്തപഞ്ചമ രാത്രികളും
നിനക്കായ് വിടരട്ടെ.....
ഇന്നലത്തെ ഇരുണ്ട നിഴലിൽനിന്ന്
വർത്തമാനത്തെ മോചിപ്പിക്കാൻ വരുന്ന
കാലമാകുന്ന വിമോചകാ,
പ്രകാശത്തിന്റെ താക്കോൽകൊണ്ട്
പ്രതീക്ഷകളുടെ വാതിൽ തുറക്കുക
കാലങ്ങളായി തുറങ്കിലടച്ചുപോയ
സത്യത്തിന്റെ ദിവ്യജ്യോതിസുകളെ മോചിപ്പിക്കുക
പ്രതിരോധത്തിന്റെ കറുത്ത പരിചകൊണ്ട്
ഇവളുടെ നാളുകളെ ആവരണം ചെയ്തിരിക്കുന്ന
മലിനമുഖമായ അന്ധകാരത്തെ തുടച്ച് നീക്കുക
അവളിലെ വിസ്മയം തുളുമ്പുന്ന
ആർദ്രഹൃദയം സ്വതന്ത്രമായി തുടിക്കട്ടെ
വിതച്ച സ്വപ്നങ്ങളുടെ കനകകതിരുകൾ കൊയ്യട്ടെ

# കുറിഞ്ഞിയുടെ അന്ത്യം

അപ്പുക്കുട്ടന് ഒരു പൂച്ചക്കുട്ടിയുണ്ടായിരുന്നു.വെളുത്തു സുന്ദരിയായ ഒരു പൂച്ചക്കുട്ടി.അതിന്റെ ദേഹം നിറയെ വെളുത്ത മിനുസമുള്ള രോമങ്ങളായിരുന്നു.ചുവന്ന മൂക്കും കുന്നിക്കുരുപോലെയുള്ള കണ്ണുകളും .എല്ലാം കൊണ്ടും ആരും കണ്ടാലും കൊതിക്കുന്ന പൂച്ചക്കുട്ടി.തന്റെ ഓമനയായ പൂച്ചക്കുട്ടിക്ക് 'കുറിഞ്ഞി'എന്നു പേരിട്ടു.കുറിഞ്ഞിക്ക് അപ്പുക്കുട്ടനെ വല്യ ഇഷ്ടമായിരുന്നു.അമ്മ കാണാതെ കുറിഞ്ഞി അവന്റെ കൂടെ കിടന്നുറങ്ങും.അപ്പുക്കുട്ടനാണെങ്കിൽ അമ്മ കാണാതെ കുറിഞ്ഞിയെ തന്റെ പുതപ്പിനുള്ളിലേയ്ക്ക് കയറ്റും.അവൻ ഉറങ്ങികഴിയുമ്പോൾ അമ്മ കുറിഞ്ഞിയെ ചായ്പ്പിൽ കിടത്തും.അപ്പുക്കുട്ടൻ എഴുന്നേറ്റാലുടനെ ചായ്പ്പിലേക്ക് ഓട്ടമാണ്.ക്ളാസിൽ പോകുന്നതിന് മുമ്പ് കുറിഞ്ഞിക്ക് വയറു നിറയെ പാലും ചോറുമെല്ലാം കൊടുക്കും.ഉണ്ണിക്കുട്ടൻ വൈകുന്നേരം തിരിച്ചുവരുമ്പോൾ കുറിഞ്ഞി വാതില്ക്കൽ കാവലുണ്ടാകും.അവൾ "മ്യാവൂ, മ്യാവൂ ..... "എന്നു കരഞ്ഞുകൊണ്ട് ഓടിവരും.അവന്റെ കാലുകളിൽ മുഖം കൊണ്ട് ഉരസും.അപ്പുക്കുട്ടൻ കുറിഞ്ഞിയേയും എടുത്തുകൊണ്ട് അകത്തേക്ക് വരും.തന്റെ പലഹാരത്തിന്റെ ഒരു പങ്ക് അവൾക്കുള്ളതാണ്.ഒരു ദിവസം പതിവുപോലെ അപ്പുക്കുട്ടൻ രാവിലെ എഴുന്നേറ്റ ഉടനെ ചായ്പ്പിലേക്ക് ഓടി.കുറിഞ്ഞി അടുപ്പിന്റെ അടുത്ത് നീണ്ടുനിവർന്ന് കിടക്കുന്നു."അമ്പടി കള്ളി,നല്ല ഉറക്കാണല്ലേ" കുറിഞ്ഞിയെ വിളിച്ചുണർത്തിയാലോ എന്നു കരുതി.പിന്നെ വിചാരിച്ചു,'പാവം കുറച്ചുനേരം കൂടി ഉറങ്ങട്ടേ.അവൾക്ക് സ്കൂളിലൊന്നും പോകേണ്ടല്ലോ.”അപ്പുക്കുട്ടൻ കാപ്പി കുടിക്കാനിരുന്നപ്പോഴും അവളെ

കണ്ടില്ല.അലെങ്കിൽകൃത്യസമയത്ത്ഹാജരാകാനല്ലതാണ്.ഏതായാലും ഒന്നു നോക്കികളയാം.അപ്പുക്കുട്ടൻ ചായ്പ്പിലേയ്ക്ക് ചെന്നു.അപ്പോഴും അവൾ പഴയപ്പടി ഉറക്കം തന്നെ.അപ്പുക്കുട്ടൻ കുറിഞ്ഞിയെ വിളച്ചു,"കുറിഞ്ഞി,കുറിഞ്ഞി...ഇതഎന്ത് ഉറക്കാ,എഴുന്നേല്ക്കുന്നേ'എന്നാൽ അവൾ മിണ്ടിയില്ല.അപ്പുക്കുട്ടൻ കുറിഞ്ഞിയെ കുലുക്കി വിളിച്ചു.അവൾ അനങ്ങുന്നില്ല.അവളുടെ ശരീരം മുഴുവൻ തണുത്തു മരവിച്ചിരിക്കുന്നു.അവളുടെ രോമങ്ങളിൽ ചോണനുറുമ്പു കടിച്ചു തൂങ്ങിയിരിക്കുന്നു.അപ്പൂട്ടന് അപ്പോഴാണ് ഒരു കാര്യം മനസ്സിലായത്."അവൾ ഇനി ഒരിക്കലും വിളി കേൾക്കില്ലെന്ന്....”

# പ്രളയം

ഒരായിരം കിനാക്കളെ തകർത്ത പ്രളയം
സംഹാരതാണ്ഡവമാടിയെത്തിയ പ്രളയ
മനുഷ്യമനസ്സിൽവിഭ്രാന്തിപരത്തി
എല്ലാത്തിനേയും നക്കിതുടച്ചെത്തി

പ്രളയം വന്നതറിഞ്ഞോടിയെത്തി
നമ്മുടെ പ്രിയസോദരർ മുക്കുവന്മാർ
കടലിൻ മക്കൾതൻ ചങ്കുറ്റത്താൽ
പ്രളയത്തെ നേരിട്ടു ധീരതയോടെ

പ്രളയത്തിനു മുമ്പിൽ പകച്ചുനാമെങ്കിലും
പിന്നെ നമ്മളൊന്നായ് കൈകോർത്തു
മനസ്സിലൊരുമയുണ്ടെങ്കിൽ അതിജീവിക്കാം
ജീവിതത്തിലെ പ്രതിസന്ധികളെ........

**ആരോമൽ സാബു**

# കടങ്കഥകൾ

1. അക്കരെ നിൽക്കും തുഞ്ചാണി ഇക്കരെനിൽക്കും തുഞ്ചാണി കൂട്ടിമുട്ടും തുഞ്ചാണി.

2. അക്കരെനിൽക്കും പശുവിന് ഇക്കരെനിൽക്കും കുറ്റൻ മുക്കറയിട്ടപ്പോൾ ചീനപിടിച്ചു

3. അച്ഛൻ സൂര്യൻ ,അമ്മസമുദ്രം കുടിൽ തൊട്ടു കൊട്ടാരം വരെ പ്രവേശനമുണ്ട് കൂടിയാൽ തെറ്റ്,കുറഞ്ഞാൽ തെറ്റ്

4.അഞ്ച് പക്ഷികൾക്കുടി ഒരു മുട്ടയിട്ടു.

5.ആയിരം ആശാരിമാർ കൂടിയുണ്ടാക്കിയ കെട്ടാരത്തിന് നിറച്ചുള,വാതിലില്ലി.

6.ആശാരിമൂശാരി ചെത്താത്തമരം വെള്ളത്തിലിട്ടാൽ ചീയാത്തമരം

7.ഇലയില്ല , പൂവില്ല , കായില്ല ,കരിവള്ളി

## ഉത്തരങ്ങൾ

1.കൺപോള

2.ഇടിവെട്ടിയപ്പോൾ കൂൺ മുളച്ചു.

3.ഉപ്പ്

4.കൈയ്യിൽ ചോറുരുള

5.തേനീച്ചക്കൂട്

6.മുതല

7.മുടി

വിസ്മയ

# അമ്മ


പേറ്റു നോവറിഞ്ഞുകൊണ്ടെന്നെ
പ്രസവിക്കും സ്ത്രീരത്നമാണെന്നമ്മ
അക്ഷരലോകത്തിൽ ആദ്യപടികാട്ടും
ആദ്യഗുരുവാണെന്നമ്മ.....
സ്നേഹധനനാമെന്നച്ഛന്റെ
വിധിയുടെ ക്രൂരമാം വേർപാടിൽ
താങ്ങും തണലുമായെന്നമ്മ
കപടമാം ലോകത്തിൽ കാൽപതറാതെ
നടക്കാൻ ശീലിപ്പിച്ചവൾ എന്നമ്മ
സത്യം ഈശ്വരനാണെന്ന്
സ്നേഹം ധനമാണെന്ന്
ഓതി തന്നവൾ എന്നമ്മ
ഇന്നും എന്നും എൻ അന്ത്യംവരെയും
എൻ ഉത്തമതോഴിയാകുമെന്നമ്മ



# നന്ദി

Little kites

Little kites



Little kites